# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of 03/26 (235th ) Meeting of the Syndicate held on 17.07.2026 at 2.00 p.m at University Head Quarters, Kalady

**Meeting Link:** **meet.google.com/utn-fkmw-juh**

**Members Present:**

| | | | |
|---|---|---|---|
| 1. | ഡോ. സിസ തോമസ്, വൈസ് ചാൻസലർ, അദ്ധ്യക്ഷ | - | ഒപ്പ് |
| 2. | ശ്രീ കെ.കെ.കൃഷ്ണകുമാർ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 3. | അഡ്വ.കെ.ബി.സാബു, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 4. | ഡോ. പി.രാധാകൃഷ്ണൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 5. | ഡോ. സലാഹുദ്ദീൻ പി.എം. സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 6. | ശ്രീ. കിരൺ റെജി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 7. | ശ്രീ. അനിസൺ കെ. ജോയ് , സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 8. | ശ്രീ, സുനി കെ.പി., സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 9. | ഡോ. ജിനിത കെ.എസ്., സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 10. | ഡോ. വിനീത് ആർ എസ്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 11. | പ്രൊഫ. കെ ഉണ്ണികൃഷ്ണൻ , സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 12. | ഡോ. സിന്ധു അന്തർജനം, സിൻഡിക്കേറ്റംഗം | - | ഓൺലൈൻ |
| 13. | ഡോ.ശ്രീകലാ ദേവി എസ്., സിൻഡിക്കേറ്റംഗം | - | ഓൺലൈൻ |
| 14. | ശ്രീ.സുനിൽകുമാർ എസ്, സിൻഡിക്കേറ്റംഗം | - | ഓൺലൈൻ |

കൂടാതെ കൺവീനറായി ഡോ. ലാൻസ്‌ലറ്റ് ടി.എസ്. (രജിസ്ട്രാർ ഇൻ ചാർജ്ജ്) പങ്കെടുത്തു.

# MAIN AGENDA

**Item No 1**

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

സംസ്കൃത സർവകലാശാല മുൻ വൈസ്ചാൻസലറും ചരിത്രകാരനും അക്കാദമീഷ്യനുമായ ഡോ. കെ.എൻ പണിക്കർ, ചലച്ചിത്രനടനും ദേശീയ ചലച്ചിത്ര പുരസ്കാര ജേതാവുമായ ശ്രീ സലിംകുമാർ, പ്രശസ്ത ചലച്ചിത്ര പിന്നണി ഗായികമാരായിരുന്ന ശ്രീമതി ആശ ഭോസ്ലേ, ശ്രീമതി എസ്. ജാനകി, നോക്കുവിദ്യ പാവകളി പരമ്പരാഗത കലാകാരിയായിരുന്ന ശ്രീമതി മോനിപ്പള്ളി പങ്കജാക്ഷി എന്നീ വിശിഷ്ട വ്യക്തികളുടെയും സർവകലാശാലയിലെ പ്രാരംഭഘട്ടത്തിലെ അധ്യാപകനായിരുന്ന ഷൊർണ്ണൂർ കാർത്തികേയൻ, മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെയും നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

എല്ലാ വിശിഷ്ട വ്യക്തികളുടെയും സ്മരണയ്ക്കും ആദരസൂചകമായും ഒരു മിനിറ്റ് മൗനം ആചരിക്കുവാൻ എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

17.02.2026 തീയതിയിലെ 233-ാം സിൻഡിക്കേറ്റ് യോഗത്തിന് ശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ശ്രീശങ്കര ജയന്തി ആഘോഷം 2026 ഏപ്രിൽ 21ന് നടത്തുന്നതുമായി ബന്ധപ്പെട്ട് 18.04.2026 2.30 p.m ന സ്പെഷ്യൽ സിൻഡിക്കേറ്റ് (234-മത് സിൻഡിക്കേറ്റ്) യോഗം ഓൺലൈനായി ചേരുകയും ശങ്കരജയന്തി ആഘോഷങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. 21-04-2026 തീയ്യതിയിലെ ശങ്കരജയന്തി ആഘോഷങ്ങളിൽ ചാൻസിലർ കൂടിയായ ബഹു. കേരള ഗവർണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മുഖ്യ അതിഥിയായി പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനാണ് വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ അടിയന്തിരമായി സ്പെഷ്യൽ സിൻഡിക്കേറ്റ് യോഗം ഓൺലൈൻ ആയി വിളിച്ച് ചേർത്തത്.
2. 05.03.2026 തീയതിയിലെ KRB/285/2026-GS06 നമ്പർ വിജ്ഞാപനപ്രകാരം സംസ്കൃത സർവകലാശാല വൈസ്ചാൻസലറുടെ ചുമതലയിൽ നിന്നും ഡോ. കെ.കെ. ഗീതാകുമാരിയെ ചാൻസിലർ കൂടിയായ ഗവർണർ നീക്കം ചെയ്യുകയും, ഡോ. എപിജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാല വൈസ്ചാൻസലറായ ഡോ. സിസ തോമസിന് സംസ്കൃത സർവ്വകലാശാല വൈസ് ചാൻസിലറുടെ ചുമതല നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ഡോ. സിസ തോമസ് 06.03.2026 അപരാഹ്നത്തിൽ സംസ്കൃത സർവകലാശാല വൈസ്ചാൻസലറായി ചുമതലയേറ്റു.

3. 05.03.2026 ന് വൈസ്ചാൻസലർ സ്ഥാനത്തുനിന്നും നീക്കം ചെയ്ത ശേഷം ഡോ. കെ.കെ. ഗീതാകുമാരി ഏകദേശം 40 ഓളം ഫയലുകളിൽ തീർപ്പുകൽപിച്ചത് സർവകലാശാലയുടെ ശ്രദ്ധയിൽ പ്പെട്ടുകയും അതുപ്രകാരമുള്ള എല്ലാ ഉത്തരവുകളും റദ്ദാക്കുകയും ഫയലുകൾ പുന:പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

4. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് നിർമ്മിച്ച അമെനിറ്റീസ് സെന്റർ, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (CIAL)-ന്റെ സി.എസ്.ആർ. ഫണ്ടിന്റെ സഹായത്തോടെ നിർമ്മിച്ച ആംഫി തിയേറ്റർ, കൂടാതെ ഇന്റഗ്രേറ്റഡ് ടീച്ചർ എജ്യുക്കേഷൻ പ്രോഗ്രാം (ITEP), രൂപകൽപന ഇൻക്യുബേഷൻ സെന്റർ, ആർട്ട് ഗാലറി & എക്സിബിഷൻ സെന്റർ എന്നിവയുടെ ഉദ്ഘാടനം മാർച്ച് 7-ന് നടന്നു. സർവകലാശാലാ ക്യാമ്പസിൽ നടന്ന ചടങ്ങ് കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. സർവകലാശാല വൈസ് ചാൻസലർ ഡോ. സിസ തോമസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

5. പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷന്റെ ചുമതലയിൽനിന്നും ഡോ. ലിസി മാത്യുവിനെ വിടുതൽ ചെയ്യുകയും പ്രസ്തുത ചുമതല സംസ്കൃതം ന്യായവിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ. വി.കെ. ഭവാനിക്ക് നൽകുകയും ചെയ്തു.

6. വിദ്യാർത്ഥി സേവന വിഭാഗം ഡയറക്ടറുടെ ചുമതല സംസ്കൃതം ജനറൽ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Capt. (Dr.) ലിഷ സി.ആർ.ന് നൽകി.

7. പബ്ലിക് റിലേഷൻസ് ഓഫീസറായ ശ്രീ ജലീഷ് പീറ്ററിന് സീനിയർ പബ്ലിക്കേഷൻ ഓഫീസറുടെ അധികച്ചുമതല നൽകി.

8. ഉറുദുവിഭാഗം പ്രൊഫസറായ ഡോ. അതാവുള്ള ഖാൻ കെ.സി.ക്ക് ഉറുദുവിഭാഗം HoD യുടെ ചുമതല നൽകി.

9. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ കൈവശം സൂക്ഷിച്ചിരുന്ന പുരാതനവും അമൂല്യവുമായ താളിയോല കൈയെഴുത്തുപ്രതികളുടെ ശേഖരം 2026 ഫെബ്രുവരി 27-ന് രാജവിഹാരത്തിൽ നടന്ന ചടങ്ങിൽ, ഔപചാരികമായി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. കെ. കെ. ഗീതാകുമാരിയ്ക്ക് കൈമാറി.

10. 2026-ലെ ശ്രീ ശങ്കരജയന്തി ആഘോഷങ്ങളുടെയും ശ്രീ ശങ്കര വാർഷിക പ്രഭാഷണ പരമ്പരയുടെയും ഉദ്ഘാടനം ഏപ്രിൽ 21-ന് സർവകലാശാലയിലെ യൂട്ടിലിറ്റി സെന്റർ ഓഡിറ്റോറിയത്തിൽ കേരള ഗവർണറും സർവകലാശാലയുടെ ചാൻസലറുമായ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നിർവഹിച്ചു. പ്രശസ്ത സാഹിത്യകാരനായ സി. രാധാകൃഷ്ണൻ, സ്വാമി നരസിംഹാനന്ദ എന്നിവരുടെ ശ്രീ ശങ്കര

പ്രഭാഷണങ്ങളെത്തുടർന്ന്, ശ്രീ ശങ്കരന്റെ കൃതികളെ ആസ്പദമാക്കിയ സംഗീതപരിപാടിയും നൃത്തപരിപാടിയും സംഘടിപ്പിച്ചു.

11. 2026-ലെ കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ സർവകലാശാല പൂർവവിദ്യാർത്ഥികളായ ബി. ബി. ഗോപകുമാർ (ചാത്തന്നൂർ), മനോജ് മൂത്തേടൻ (പെരുമ്പാവൂർ), എം. വിജിൻ (കല്ല്യാശ്ശേരി), വി. കെ. സനോജ് (മട്ടന്നൂർ) എന്നിവർ എം.എൽ.എമാരായി തിരഞ്ഞെടുക്കപ്പെട്ടു.

12. 2025-26 അക്കാദമിക വർഷത്തെ ഗസ്റ്റ് അധ്യാപകരെ 30.04.2026 തീയതി സേവനത്തിൽനിന്നും വിട്ടുതൽ ചെയ്യുകയും 2026-2027 അക്കാദമിക വർഷത്തേയ്ക്കുള്ള താൽക്കാലിക അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

13. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർവകലാശാല രജിസ്ട്രാറായി സേവനം അനുഷ്ഠിച്ചിരുന്ന ഡോ. മോത്തി ജോർജ്ജിനെ മാതൃസ്ഥാപനത്തിലേക്ക് തിരികെ പോവുന്നതിനായി 18.06.2026 അപരാഹ്നത്തിൽ വിടുതൽ ചെയ്യുകയും അദ്ദേഹത്തിന് സർവകലാശാല സമുചിതമായ യാത്രയയപ്പ് നൽകുകയും ചെയ്തു. ജ്യോഗ്രഫി പഠനവിഭാഗം പ്രൊഫസറായ ഡോ. ലാൻസലറ്റ് ടി.എസ്.ന് സർവകലാശാല രജിസ്ട്രാറുടെ അധിക ചുമതല നല്കി.

14. 2026–27 അധ്യയന വർഷത്തേക്കുള്ള നാലുവർഷ ദൈർഘ്യമുള്ള ഇന്റഗ്രേറ്റഡ് ടീച്ചർ എജ്യുക്കേഷൻ പ്രോഗ്രാമിലേക്കുള്ള (ITEP) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് സർവ്വകലാശാല വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രവേശന നടപടികൾ ആരംഭിക്കുകയും ചെയ്തു. ഈ നൂതന പദ്ധതി ആരംഭിക്കുന്ന കേരളത്തിലെ ആദ്യത്തെ സംസ്ഥാന സർവകലാശാല എന്ന നേട്ടം കൈവരിച്ചു

15. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF) 2025-ൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല (SSUS) സർവകലാശാല വിഭാഗത്തിൽ 9-ാം സ്ഥാനം നേടി.

16. 19.06.2026 തീയതിയിലെ 02008/LEG1/SSUS/2026 (1) ഉത്തരവുപ്രകാരം സർവകലാശാല സ്റ്റാൻഡിംഗ് കൗൺസിലായിരുന്ന അഡ്വ. ദിനേശ് മാത്യു ജെ. മുരിക്കനെ പ്രസ്തുത സ്ഥാനത്തുനിന്നും വിടുതൽ ചെയ്യുകയും ശ്രീമതി ശിൽപ ശ്രീകുമാർ, അഡ്വക്കേറ്റ് (Enrolment No. K/228/2023), വിലാസം: 70/276, പെരണ്ടൂർ റോഡ്, കലൂർ പി.ഒ., കൊച്ചി – 682 017 -നെ സർവകലാശാല സ്റ്റാൻഡിംഗ് കൗൺസിലായി നിയമിക്കുയും ചെയ്തു.

17. 03.07.2026 തീയതിയിൽ NAAC-ൽ നിന്നും ഔദ്യോഗികമായി അറിയിപ്പ് ലഭിച്ച പ്രകാരം സംസ്കൃത സർവകലാശാല രണ്ടാം ഘട്ട അക്രെഡിറ്റേഷനിലൂടെ നേടിയ A + ഗ്രേഡ്, CGPA 3.37 എന്നത് Maturity Based Graded Level (MBGL) ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വരുന്നത് മുതൽ ആറു മാസത്തേക്ക് നീട്ടി നൽകുന്നതായി അറിയിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽ പെടുത്തുന്നു

18. സർവ്വകലാശാലയിൽ ദീർഘകാലം സ്തുത്യർഹമായ സേവനത്തിനു ശേഷം, ഇക്കാലയളവിൽ 14 അധ്യാപകരും 12 അനധ്യാപകരും സേവനത്തിൽനിന്നും വിരമിച്ചിട്ടുണ്ട്.

19. IQAC യുടെ ആഭിമുഖ്യത്തിൽ, 2026 ഫെബ്രുവരി 17 മുതൽ 21 വരെ ഭരണവിഭാഗം ജീവനക്കാർക്കായി അഞ്ച് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു.

20. സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകൾ ദേശീയ-അന്തർദ്ദേശീയ സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സർവ്വകലാശാല അധ്യാപകർ,വിദ്യാർഥികൾ, പൂർവ്വ വിദ്യാർഥികൾ എന്നിവർ ദേശീയ തലത്തിൽ ഉൾപ്പടെ സ്തുത്യർഹങ്ങളായ നേട്ടങ്ങൾ/അവാർഡുകൾ എന്നിവക്ക് അർഹരായിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**20.1** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സോഷ്യൽ വർക്ക് പഠന വകുപ്പ്, Goonj-എന്ന സംഘടനയുമായി ചേർന്ന്, വിദ്യാർത്ഥികൾ, അധ്യാപകർ, പൊതുജനങ്ങൾ എന്നിവരുടെ സഹകരണത്തോടെ, ഉപയോഗിക്കാത്തതോ ഉപയോഗയോഗ്യമായതോ ആയ ഗാർഹിക വസ്തുക്കളുടെ ശേഖരണ ക്യാമ്പയിൻ 2026 ഫെബ്രുവരി 10 മുതൽ 28 വരെ തീയതികളിൽ സംഘടിപ്പിച്ചു. പിന്നാക്ക വിഭാഗങ്ങളിലെ ജനങ്ങളെ സഹായിക്കുന്നതിനോടൊപ്പം സുസ്ഥിര ജീവിതശൈലിയും പുനരുപയോഗ സംസ്കാരവും പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം.

**20.2** തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ ഫിലോസഫി വകുപ്പ്, Indian Council of Philosophical Research-ന്റെ സഹകരണത്തോടെ 2026 ഫെബ്രുവരി 16, 17 തീയതികളിൽ "*The Epistemic Foundations of Idealist Philosophies: Drawing Parallels Between Indian and Western Thoughts*" എന്ന വിഷയത്തിൽ ദ്വിദിന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു.

**20.3** ഫെബ്രുവരി 17, 18 തീയതികളിൽ "Draw Your Lines" എന്ന പേരിൽ ചിത്രകലാ വകുപ്പ് ദ്വിദിന ചിത്രരചനാ ശില്പശാല സംഘടിപ്പിച്ചു.

**20.4** സർവകലാശാലയിലെ സാമൂഹിക പ്രവർത്തന വകുപ്പും Vibgyor Film Collective-ഉം സംയുക്തമായി ഫെബ്രുവരി 18-ന് ലോക സാമൂഹ്യനീതി ദിനം (World Social Justice Day) ആചരിച്ചു.

**20.5** "സമകാലിക സാഹചര്യത്തിൽ താരതമ്യ സാഹിത്യപഠനത്തിന്റെ പുനർവിചിന്തനം" (*Reframing Comparative Literary Studies in Contemporary Times*) എന്ന വിഷയത്തിൽ 2026 ഫെബ്രുവരി 19-ന് പ്രഭാഷണപരമ്പര സംഘടിപ്പിച്ചു.

**20.6** സർവകലാശാല ഫിസിക്കൽ എജ്യുക്കേഷൻ ഡിപ്പാർട്ടുമെന്റ് ഫെബ്രുവരി 19, 20 തീയതികളിൽ അഖിലകേരള Inter collegiate വോളിബോൾ ടൂർണമെന്റ് 2025-26 സംഘടിപ്പിച്ചു.

**20.7** സംസ്കൃത സാഹിത്യ വകുപ്പും മലയാള വിഭാഗവും, N. V. Memorial Committee-യുടെ സഹകരണത്തോടെ 2026 ഫെബ്രുവരി 17-ന് എൻ. വി. അനുസ്മരണ പരിപാടി സംഘടിപ്പിച്ചു.

പരിപാടിയുടെ ഭാഗമായി ഒരു സാഹിത്യസെമിനാറും എൻ. വി.യുടെ പുസ്തകശേഖരം സർവകലാശാലയ്ക്ക് ഔപചാരികമായി കൈമാറുന്ന ചടങ്ങും നടന്നു. പുസ്തകശേഖരം സർവകലാശാല വൈസ് ചാൻസലർ ഡോ. കെ. കെ. ഗീതകുമാരി ഏറ്റുവാങ്ങി.

**20.8** കാലടി മുഖ്യകേന്ദ്രത്തിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ 2026 ഫെബ്രുവരി 18 മുതൽ 22 വരെ തീയതികളിൽ "Repositioning Social Work Education in Contemporary India : Challenges, Innovations and the Road ahead" എന്ന വിഷയത്തിൽ Faculty Development programme സംഘടിപ്പിച്ചു.

**20.9** കേരള സർക്കാർ സാംസ്കാരിക വകുപ്പിന് കീഴിലുള്ള ചെമ്പഴന്തി ശ്രീനാരായണ ഇന്റർനാഷണൽ സ്റ്റഡി ആൻഡ് പിൽഗ്രിമേജ് സെന്ററും *ഗുരുവീക്ഷണം* മാസികയും സംയുക്തമായി ഏർപ്പെടുത്തിയ നടരാജ ഗുരു സാഹിത്യ പുരസ്കാരം ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ഇംഗ്ലീഷ് വിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ. അജയ് എസ്. ശേഖറിന് ലഭിച്ചു. "The Spiritual Fraternity and Secular Pluralism of Sree Narayana Guru: An Ethics of Compassion" എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിനാണ് ഈ പുരസ്കാരം നൽകിയത്.

**20.10** കേരള സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന മുതിർന്ന പൗരന്മാർക്കായുള്ള "സല്ലാപം" ഹെൽപ്‌ലൈൻ പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്ത അഞ്ച് സ്ഥാപനങ്ങളിൽ ഒന്നായി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ പയ്യന്നൂർ പ്രാദേശിക ക്യാമ്പസിലെ സോഷ്യൽ വർക്ക് വിഭാഗം തിരഞ്ഞെടുക്കപ്പെട്ടിരുന്നു. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട സന്നദ്ധപ്രവർത്തകരായി പ്രവർത്തിച്ചതിനുള്ള സർട്ടിഫിക്കറ്റുകൾ പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിലെ സോഷ്യൽ വർക്ക് പഠന വകുപ്പിന് ലഭിച്ചു.

**20.11** തിരുവനന്തപുരം **കരുവേലപ്പുര മാളിക (ഫോർട്ട് പാലസ്)**യിലെ നവരാത്രി ട്രസ്റ്റിന്റെ മേൽ നോട്ടത്തിലുള്ള 300 വർഷം പഴക്കമുള്ള മൂന്ന് ചുമർചിത്രങ്ങളുടെ (മ്യൂറൽ പെയിന്റിംഗുകൾ) പുനരുദ്ധാരണ പ്രവർത്തനങ്ങൾ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ചുമർചിത്ര പൈതൃക സംരക്ഷണ കേന്ദ്രം വഴി നിർവ്വഹിച്ചു.

**20.12** ഡിസംബർ 2025 ൽ നടന്ന യു.ജി.സി.-നെറ്റ് (UGC-NET) പരീക്ഷയിൽ സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ നിന്നായി 75-ലധികം വിദ്യാർഥികൾ യു.ജി.സി.-നെറ്റ് യോഗ്യത കരസ്ഥമാക്കി.

**20.13** കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച, കേരള സംസ്ഥാനതല നാടകോത്സവത്തിൽ തിയേറ്റർ വിഭാഗത്തിലെ ഒന്നാം വർഷ എം.എ. വിദ്യാർഥിയായ എം. എസ്. ശിവകുമാർ സംവിധാനം ചെയ്ത 'ചാപ്പ്' എന്ന നാടകത്തിന് മികച്ച നാടകത്തിനുള്ള ബഹുമതിയും, എം. എസ്. ശിവകുമാറിന് മികച്ച സംവിധായകനുള്ള പുരസ്കാരവും ലഭിച്ചു.

**20.14** സർവകലാശാലയിലെ കായിക വിദ്യാഭ്യാസ വിഭാഗം പ്രൊഫസറും വകുപ്പ് മേധാവിയുമായ ഡോ. ദിനു എം. ആർ. കേരള സ്പോർട്സ് കൗൺസിലിലെ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു.

**20.15** സംസ്ഥാനത്തെ മികച്ച ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്കുള്ള സംസ്ഥാന പുരസ്കാരം നേടിയവരിൽ സോഷ്യൽ വർക്ക് വകുപ്പിലെ പൂർവവിദ്യാർഥികളായ ഡോ. പ്രജീന, ശ്രീമതി രേഷ്മ കെ., ശ്രീമതി നസീറ പി. എ എന്നിവർ ഉൾപ്പെടുന്നു

**20.16** സർവകലാശാലയിലെ മലയാള വിഭാഗം മുൻ പ്രൊഫസറായ ഡോ. വത്സലൻ വാതുശ്ശേരി, ഇ. ബി. ഫൈസൽ സ്മാരക പുരസ്കാരത്തിന് അർഹനായി.

**20.17** സർവകലാശാലയിലെ മലയാള വിഭാഗം സംഘടിപ്പിച്ച "മികവിന് ആദരം" എന്ന പരിപാടിയിൽ വിവിധ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച വിദ്യാർഥികളെയും അധ്യാപകരെയും ആദരിച്ചു. കൂടാതെ, കേരള ചലച്ചിത്ര അക്കാദമിയുടെ മികച്ച ലേഖനത്തിനുള്ള പുരസ്കാരം നേടിയ മലയാള വിഭാഗത്തിന്റെ മുൻ വകുപ്പ് മേധാവിയായിരുന്ന ഡോ. വത്സലൻ വാതുശ്ശേരിക്ക് പ്രത്യേക ആദരവും അർപ്പിച്ചു.

**20.18** തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ സംസ്കൃത ന്യായ വകുപ്പ് 2026 ഫെബ്രുവരി 23 മുതൽ 25 വരെ "*Nyaya & Structure of Indian Thought: Its Role in Philosophy and Literature*" എന്ന വിഷയത്തിൽ ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു.

**20.19** സംസ്കൃത വേദാന്ത വകുപ്പ് 2026 ഫെബ്രുവരി 23 മുതൽ 25 വരെ ത്രിദിന അക്കാദമിക ശില്പശാല സംഘടിപ്പിച്ചു. Research Methodology, Sanskrit for Śāstras, Creative Writing എന്നീ പ്രധാന വിഷയങ്ങളിലായിരുന്നു ശില്പശാല.

**20.20** Mahatma Gandhi Centre for Rural Development and Peace Studies-ന്റെ നേതൃത്വത്തിൽ ഫെബ്രുവരി 25-ന് "ഗാന്ധിയൻ ഗ്രാമവികസനവും ഡിജിറ്റൽ സാങ്കേതികവിദ്യയും" എന്ന വിഷയത്തിൽ Invited Lecture സംഘടിപ്പിച്ചു.

**20.21** ഫെബ്രുവരി 26-ന് ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ "കാണിക" എന്ന പേരിൽ ഭരതനാട്യവിഭാഗം അവസാന വർഷ വിദ്യാർഥികളുടെ (2023–2026 ബാച്ച്) ഭരതനാട്യ കച്ചേരി അവതരിപ്പിച്ചു.

**20.22** ചിത്രകലാ വകുപ്പ് 2026 ഫെബ്രുവരി 26, 27 തീയതികളിൽ "Invited Artist Series" പരിപാടി സംഘടിപ്പിച്ചു.

**20.23** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ അയ്യങ്കാളി സാമൂഹിക-സാംസ്കാരിക പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2026 ഫെബ്രുവരി 27-ന് "അയ്യങ്കാളി ആനുവൽ ലക്ചർ സീരീസ്" പ്രഭാഷണപരമ്പരയുടെ ഭാഗമായി പ്രഭാഷണം സംഘടിപ്പിച്ചു.

**20.24** കാലടി മുഖ്യകേന്ദ്രത്തിൽ ഫെബ്രുവരി 26 മുതൽ 28 വരെ "New Horizons of Indological Research" എന്ന വിഷയത്തെ ആസ്പദമാക്കി പണ്ഡിറ്റ് സുബ്ബരാമ പട്ടർ എൻഡോവ്മെന്റ് അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചു.

**20.25** സംസ്കൃത ന്യായ വകുപ്പ് 2026 ഫെബ്രുവരി 26 മുതൽ 28 വരെ '*Traditions of Logic and Knowledge: Nyaya and Western Philosophy'* എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു.

**20.26** അറബിക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "Mastering Content Writing in Arabic: Techniques and Best Practices" എന്ന വിഷയത്തിൽ national workshop ഫെബ്രുവരി 25, 26 തീയതികളിൽ തിരൂർ പ്രാദേശിക കേന്ദ്രത്തിൽവച്ചു നടന്നു.

**20.27** 2022–23, 2023–24 അധ്യയന വർഷങ്ങളിലേക്കുള്ള മുഖ്യമന്ത്രിയുടെ സ്റ്റുഡന്റ് എക്സലൻസ് അവാർഡ് സർവകലാശാലയിലെ 17 വിദ്യാർത്ഥികൾക്ക് ലഭിച്ചു. ₹1 ലക്ഷം രൂപയുടെ ക്യാഷ് പ്രൈസും പ്രശസ്തിപത്രവും (Citation) ഉൾപ്പെട്ടതാണ് അവാർഡ്.

**20.28** സർവകലാശാലയിലെ വിദ്യാർത്ഥിനിയായ ഭാവന എം. ബി. ദേശീയ സർവകലാശാല യുവജനോത്സവത്തിൽ ശാസ്ത്രീയ നൃത്ത (Classical Dance) മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. മാത്രമല്ല മറ്റ് മത്സരങ്ങളിലും സർവകലാശാല വിദ്യാർത്ഥികൾ മികച്ച വിജയം കരസ്ഥമാക്കിക്കൊണ്ട് ദേശീയ തലത്തിൽ സർവ്വകലാശാലയുടെ യശസ്സ് ഉയർത്തി.

**20.29** സർവകലാശാലയിലെ ചിത്രകലാ വകുപ്പിലെ വിദ്യാർത്ഥികൾ കേരള ലളിതകലാ അക്കാദമി ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പുകൾക്ക് അർഹരായി

**20.30** ചിത്രകലാ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. സാജു ടി. എസ്-ന് Mural Painting രംഗത്തെ മികച്ച സംഭാവനകളെ മാനിച്ച് കേരള ഫോക്‌ലോർ അക്കാദമി പുരസ്കാരം ലഭിച്ചു

**20.31** ദൈനിക് ഭാസ്കർ കവിതാ ഉത്സവത്തിലെ മികച്ച 20 കവിതകളിൽ സർവകലാശാല ഹിന്ദി വിഭാഗം പ്രൊഫസറായ ഡോ. ശാന്തി നായരുടെ കവിത ഇടം നേടി.

**20.32** സംസ്ഥാനതല യുവജന പരിപാടിയിൽ സർവകലാശാലയിലെ എം.എസ്.ഡബ്ല്യു. വിദ്യാർത്ഥിയായ വിസ്മയ മികച്ച സന്നദ്ധപ്രവർത്തകയായി തിരഞ്ഞെടുക്കപ്പെട്ടു.

**20.33** ബാങ്ക് ഓഫ് ബറോഡയുടെ ആഭിമുഖ്യത്തിൽ നൽകുന്ന മെറിറ്റോറിയസ് സ്റ്റുഡന്റ് അവാർഡിന് (Meritorious Student Award) സർവകലാശാലയിലെ ഹിന്ദി വകുപ്പ് വിദ്യാർത്ഥികളായ വിഷ്ണു രാജീവൻ, ഐശ്വര്യ കെ. സുരേഷ് എന്നിവർ അർഹരായി.

**20.34** മാർച്ച് 3, 4, 5 തീയതികളിൽ കാലടി മുഖ്യകേന്ദ്രം മലയാളവിഭാഗത്തിൽ "ഭാഷാ ജ്ഞാന വ്യവസ്ഥ - ആസൂത്രണത്തിന്റെ മലയാള സന്ദർഭങ്ങൾ" എന്ന വിഷയത്തിൽ സെമിനാറും, മോഹിനിയാട്ടം പഠനവിഭാഗവുമായി സഹകരിച്ച് ചിഹ്നാന്തര വിവർത്തനാവതരണവും നടത്തി.

**20.35** ചരിത്ര വകുപ്പിന് കീഴിലുള്ള ദളിത് ബന്ധു ആർക്കൈവ്, 2026 മാർച്ച് 4-ന് "ഗദ്ദറിന്റെ അനുസ്മരണ ഗാനങ്ങളിലെ രക്തസാക്ഷിയുടെ സങ്കൽപം" എന്ന വിഷയത്തിൽ *(The Figure of Martyr in Gaddar's Memorial Songs)* ദളിത് ബന്ധു സ്മാരക പ്രഭാഷണം (Dalit Bandhu Memorial Lecture) സംഘടിപ്പിച്ചു.

**20.36** 2026 മാർച്ച് 4, 5 തീയതികളിൽ കാലടി മുഖ്യകേന്ദ്രം പെയിന്റിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "Fragments of Reality : Exploring Fragmentation in Abstract" എന്ന വിഷയത്തിൽ 2 ദിവസത്തെ workshop സംഘടിപ്പിച്ചു.

**20.37** ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 04.03.2026 മുതൽ 08.03.2026 വരെ 5 ദിവസത്തെ Textual Workshop സംഘടിപ്പിച്ചു.

**20.38** മലയാള വിഭാഗത്തിന്റെ നേതൃത്വത്തിൽ ഭാഷാ ആസൂത്രണവുമായി ബന്ധപ്പെട്ട ദ്വിദിന ദേശീയ സെമിനാറിന്റെ ഭാഗമായി മാർച്ച് 5-ന് കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയുടെ കവിതകളെ ആസ്പദമാക്കിയ മോഹിനിയാട്ട അവതരണം സംഘടിപ്പിച്ചു.

**20.39** സർവകലാശാല പതഞ്ജലി ഇന്ത്യൻ തദ്ദേശീയ വിജ്ഞാന സമ്പ്രദായ പഠന കേന്ദ്രം, എൻ.സി.സി., എൻ.എസ്.എസ്., ഫിസിക്കൽ എജ്യൂക്കേഷൻ എന്നിവയുടെ സഹകരണത്തോടെ 2026 മാർച്ച് 10-ന് "യോഗയും വ്യക്തിത്വ വികസനവും" എന്ന വിഷയത്തിൽ Extension Lecture സംഘടിപ്പിച്ചു

**20.40** ചട്ടമ്പി സ്വാമി സെന്ററിന്റെ ആഭിമുഖ്യത്തിൽ "The Vedantic Renaissance in Kerala : Investigating the Yogic and Philosophical paradigm of Chattampi Swamikal" എന്ന വിഷയത്തിൽ മാർച്ച് 9 മുതൽ 13 വരെ 5 ദിവസത്തെ ലക്ചർ പ്രോഗ്രാം നടത്തി.

**20.41** സർവകലാശാലയിലെ ഹിസ്റ്ററി വിഭാഗം Kerala Council of Historical Research-മായി ഒപ്പുവച്ച ധാരാണാപത്രത്തിന്റെ അടിസ്ഥാനത്തിൽ History Research Series എന്ന ഗ്രന്ഥത്തിന്റെ രണ്ട് വോള്യങ്ങളുടെ പ്രകാശനം മാർച്ച് 10 ന് നടത്തി. അതോടനുബന്ധിച്ച് സെമിനാറുകളും സംഘടിപ്പിച്ചു.

**20.42** സർവകലാശാലയിലെ വ്യാകരണ വകുപ്പ്, "പാണിനിയും നോം ചോംസ്കിയും – സാമ്യങ്ങളും വ്യത്യാസങ്ങളും" *(Panini & Noam Chomsky – Convergences & Divergences)* എന്ന വിഷയത്തിൽ മാർച്ച് 10-ന് Extension Lecture സംഘടിപ്പിച്ചു.

**20.43** കാലടി മുഖ്യകേന്ദ്രം സോഷ്യൽ വർക്ക് വകുപ്പ്, മാർച്ച് 10-ന് "ജീവിതനൈപുണ്യങ്ങൾ (Life Skills)" എന്നതും "ആരോഗ്യപരിപാലന രംഗത്തെ സോഷ്യൽ വർക്കിന്റെ സാധ്യതകൾ (Scope of Social Work in Healthcare)" എന്ന വിഷയങ്ങൾ ഉൾപ്പെടുത്തി അക്കാദമിക സെഷൻ സംഘടിപ്പിച്ചു.

**20.44** കാലടി മുഖ്യകേന്ദ്രത്തിലെ ഹിന്ദി വകുപ്പ്, മാർച്ച് 10, 11 തീയതികളിൽ "സമകാലീൻ ഉപന്യാസ്: മഹത്വവും വെല്ലുവിളികളും" *(Samakaleen Upanyas: Mahatva evam Chunauthiyan)* എന്ന വിഷയത്തിൽ ദ്വിദിന അന്തർദേശീയ സെമിനാർ സംഘടിപ്പിച്ചു.

**20.45** ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലെ ശ്രീനാരായണ ഗുരു സാമൂഹിക പരിവർത്തന പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 11, 12 തീയതികളിൽ പ്രഭാഷണ-പ്രബന്ധാവതരണ പരമ്പര സംഘടിപ്പിച്ചു.

**20.46** തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ സംസ്കൃതം ന്യായ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ലെ പ്രൊഫ. ആർ. വാസുദേവൻ പോറ്റി എൻഡോവ്മെന്റ് പ്രഭാഷണം മാർച്ച് 12, 13 തീയതികളിൽ നടത്തി

**20.47** തിരൂർ പ്രാദേശിക കേന്ദ്രത്തിലെ സംസ്കൃത സാഹിത്യ വകുപ്പിന്റെ നേതൃത്വത്തിൽ, ഫെബ്രുവരി 18 മുതൽ മാർച്ച് 12 വരെ 'രൂപകവാങ്മയം' എന്ന പത്ത് ഭാഗങ്ങളുള്ള ഓൺലൈൻ പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു.

**20.48** മലയാള വിഭാഗത്തിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ചും പ്രശസ്ത സാഹിത്യകാരി കെ. സരസ്വതിയമ്മയുടെ അനുസ്മരണാർത്ഥവും മുഖ്യക്യാമ്പസിലെ ലാംഗ്വേജ് ബ്ലോക്കിൽ പ്രത്യേക പരിപാടി സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി കെ. സരസ്വതിയമ്മ സ്മാരക പ്രഭാഷണം പ്രമുഖ എഴുത്തുകാരിയും സാമൂഹിക പ്രവർത്തകയുമായ സി. എസ്. ചന്ദ്രിക നിർവഹിച്ചു. പരിപാടിയുടെ ഭാഗമായി മലയാള വിഭാഗത്തിലെ വിദ്യാർത്ഥികളുടെ നാടകസംഘമായ 'പാർവൈ', കെ. സരസ്വതിയമ്മയുടെ 'ദേവദൂതി' എന്ന നാടകത്തിന്റെ ദൃശ്യാവിഷ്കാരം അവതരിപ്പിച്ചു.

**20.49** 2026 മാർച്ച് 16, 17 തീയതികളിൽ ISSS ന്റെ നേതൃത്വത്തിൽ ദേശീയ വാക്യാർത്ഥവിചാരസഭ (National Vākyārthavichārasabhā) സംഘടിപ്പിച്ചു.

**20.50** സോഷ്യൽ വർക്ക് വകുപ്പ്, മാർച്ച് 17, 18 തീയതികളിൽ ദ്വിദിന കൗൺസിലിംഗ് ആൻഡ് തെറാപ്പി ശിൽപശാല സംഘടിപ്പിച്ചു.

**20.51** നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയുടെ (Narcotics Control Bureau – NCB) 41-ാം സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി സർവകലാശാല NSS യൂണിറ്റ്, മാർച്ച് 17-ന് മയക്കുമരുന്ന് വിരുദ്ധ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.

**20.52** The Mahatma Gandhi Centre for Rural Development and Peace Studies 2026 മാർച്ച് 17-ന് ശ്രദ്ധേയമായ invited lecture സംഘടിപ്പിച്ചു. "ആഗോളവൽക്കരണത്തിന്റെയും പ്രാദേശിക സംഘർഷങ്ങളുടെയും പശ്ചാത്തലത്തിൽ ഗാന്ധിയെ പുനർവായിക്കുക" *(Rereading Gandhi in the Context of Globalised and Localised Conflicts)* എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു പ്രഭാഷണം.

**20.53** മാർച്ച് 18 മുതൽ 22 വരെ ഭോപ്പാൽ സേജ് യൂണിവേഴ്സിറ്റിയിൽ നടന്ന സൗത്ത് വെസ്റ്റ് സോൺ കരാട്ടെ ചാമ്പ്യൻഷിപ്പിൽ (പുരുഷ വിഭാഗം – കാറ്റ) സർവകലാശാല സ്വർണമെഡൽ നേടി.

**20.54** സോഷ്യൽ വർക്ക് വകുപ്പ്, 2026 മാർച്ച് 18-ന് "Healing Traumas & Sustaining Wellness" എന്ന വിഷയത്തിൽ പ്രത്യേക ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

**20.55** സർവകലാശാലയിലെ രബീന്ദ്രനാഥ ടാഗോർ പഠനകേന്ദ്രം, 2026 മാർച്ച് 18-ന് "രബീന്ദ്രനാഥ ടാഗോറിന്റെ വൈവിധ്യമാർന്ന ലോകങ്ങൾ" *(Different Worlds of Rabindranath Tagore)* എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു. സെമിനാർ വൈസ് ചാൻസലർ പ്രൊഫ. സിസാ തോമസ് ഉദ്ഘാടനം ചെയ്തു

**20.56** സംസ്കൃത ജനറൽ വകുപ്പ്, മാർച്ച് 19-ന് "*The Paradigm Shift of Rasa Theory in Indian Aesthetics*" എന്ന വിഷയത്തിൽ അക്കാദമിക പ്രഭാഷണം സംഘടിപ്പിച്ചു.

**20.57** ചിത്രകലാ വകുപ്പിന്റെ നേതൃത്വത്തിൽ 2026 മാർച്ച് 23 മുതൽ 29 വരെ ഡിഗ്രി ഷോ സംഘടിപ്പിച്ചു. പ്രശസ്ത മൾട്ടിമീഡിയ കലാകാരനും കൊച്ചി-മുസിരിസ് ബിനാലെയുടെ സ്ഥാപക അംഗങ്ങളിലൊരാളുമായ റിയാസ് കോമു ഉദ്ഘാടനം നിർവഹിച്ചു

**20.58** മുഖ്യകേന്ദ്രത്തിലെ സോഷ്യൽ വർക്ക് വകുപ്പ്, നാടക അഭിനയ ശിൽപശാല സംഘടിപ്പിച്ചു. കണ്ണൂരിലെ പടവ് ക്രിയേറ്റീവ് തിയേറ്ററിലെ പ്രശസ്ത നാടകപ്രവർത്തകരായ എൻ. രഘുനാഥൻ, ശ്രീജിത്ത് വെള്ളുവയൽ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

**20.59** Advanced Study Centre for Indian Jurisprudence "ഇന്ത്യൻ നിയമതത്ത്വശാസ്ത്രം: ശാസ്ത്രീയ അടിത്തറയും സമകാലിക പ്രസക്തിയും" *(Indian Legal Philosophy: Scientific Foundations and Contemporary Relevance)* എന്ന വിഷയത്തിൽ പ്രഭാഷണപരമ്പര സംഘടിപ്പിച്ചു.

**20.60** സോഷ്യൽ വർക്ക് വകുപ്പ്, മാർച്ച് 23, 24 തീയതികളിൽ "സോഷ്യൽ കേസ് വർക്ക് ആൻഡ് സോഷ്യൽ ഗ്രൂപ്പ് വർക്ക്" എന്ന വിഷയത്തിൽ ദ്വിദിന ശിൽപശാല സംഘടിപ്പിച്ചു..

**20.61** തിരൂർ പ്രാദേശിക കേന്ദ്രത്തിലെ സോഷ്യൽ വർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 23, 24 തീയതികളിൽ "Academic Writing and Publishing" എന്ന വിഷയത്തിൽ Regional Workshop നടത്തി.

**20.62** മാർച്ച് 24, 25 തീയതികളിലായി കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "Literary Editing in Malayalam" എന്ന വിഷയത്തിൽ ദേശീയ സെമിനാർ നടത്തി.

**20.63** സംസ്കൃത ന്യായ വിഭാഗം മാർച്ച് 25-ന് "ദാർശനിക സാഹിത്യകൃതികളിലെ ഗവേഷണം" (*Research on Darsanic Literary Works*) എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു.

**20.64** കൈയെഴുത്തുപ്രതി പഠനത്തെ ആസ്പദമാക്കി വിപുലീകരണ പ്രഭാഷണങ്ങളുടെ ഒരു പരമ്പര സംഘടിപ്പിച്ചു.

**20.65** ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 27, 28 തീയതികളിൽ Young Scholars Seminar Competition ആഗോളതലത്തിൽ ഓൺലൈനായും ഓഫ് ലൈനായും സംഘടിപ്പിച്ചു.

**20.66** കാലടി മുഖ്യകേന്ദ്രം സംസ്കൃത വ്യാകരണ വിഭാഗത്തിൽ 2026 മാർച്ച് 30, 31 തീയതികളിൽ മേല്പത്തൂർ നാരായണ ഭട്ടപാദ സ്മാരക ദ്വിദിന ദേശീയ ശാസ്ത്ര സഭ നടത്തി.

**20.67** Dakshayani Velayudhan Centre for Women Studies ന്റെ ആഭിമുഖ്യത്തിൽ മാർച്ച് 31 ന് "Gender Justice in Kerala" എന്ന വിഷയത്തിൽ Colloquium സംഘടിപ്പിച്ചു.

**20.68** അസമിലെ Dibrugarh University യിൽ ഏപ്രിൽ 6 മുതൽ 9 വരെ നടന്ന ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി കരാട്ടെ ചാമ്പ്യൻഷിപ്പിൽ സർവകലാശാല കരാട്ടെ ടീം സ്വർണമെഡൽ നേടി.

**20.69** “Career Opportunities for Ayurveda Doctors in the Wellness Industry” എന്ന വിഷയത്തിൽ 2026 ഏപ്രിൽ 18-ന് വെബിനാർ സംഘടിപ്പിച്ചു.

**20.70** 2026 ഏപ്രിൽ 23-ന് സോഷ്യൽ വർക്ക് വിഭാഗവും കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെല്ലും ചേർന്ന് നാലാം സെമസ്റ്റർ എം.എസ്.ഡബ്ല്യു വിദ്യാർത്ഥികൾക്കായി പ്രൊഫഷണൽ എക്സലൻസ് ട്രെയിനിംഗ് സംഘടിപ്പിച്ചു.

**20.71** 2026 ഏപ്രിൽ 24-ന് സോഷ്യൽ വർക്കിലെ Art & Theatre in Social Work എന്ന വിഷയത്തെ ആസ്പദമാക്കി "ടിയാട്രോ" എന്ന പരിപാടി സംഘടിപ്പിച്ചു.

**20.72** സംസ്കൃത വേദാന്തവിഭാഗം 2026 ഏപ്രിൽ 24-ന് മെറിറ്റ് ഡേയും യാത്രയയപ്പ് സമ്മേളനവും സംഘടിപ്പിച്ചു. പി.എച്ച്.ഡി നേടിയവരെയും മുഖ്യമന്ത്രിയുടെ പ്രതിഭാ പുരസ്കാര ജേതാക്കളെയും പോസ്റ്റ് ഡോക്ടറൽ ഗവേഷകരെയും ആദരിച്ചു. തുടർന്ന് വിരമിക്കുന്ന അധ്യാപകരായ പ്രൊഫ. വി. വസന്തകുമാരിക്കും പ്രൊഫ. മഹേശ്വരി പിള്ള എസ്.-നും യാത്രയയപ്പ് നൽകി.

**20.73** ഏപ്രിൽ 30-ന് ശ്രീ ശങ്കര സ്റ്റഡി സർക്കിൾ വേദാന്ത ദർശനവുമായി ബന്ധപ്പെട്ട ഒരു പ്രാചീന ഗ്രന്ഥത്തിന്റെ വായനയും വ്യാഖ്യാനവും ഉൾപ്പെടുത്തിയ പഠനസമ്മേളനം സംഘടിപ്പിച്ചു.

**20.74** The Lover എന്ന പ്രശസ്ത നാടകം ഏപ്രിൽ 30-ന് കൂത്തമ്പലത്തിൽ അരങ്ങേറി. S. Harikrishnan സംവിധാനം ചെയ്ത 45 മിനിറ്റ് ദൈർഘ്യമുള്ള അവതരണത്തിൽ അരുൺ ജി., അസീൽ മാരിക്കർ എന്നിവർ പ്രധാന വേഷങ്ങളിൽ അഭിനയിച്ചു.

**20.75** മേയ് 6 മുതൽ 8 വരെ കാലടി മുഖ്യകേന്ദ്രത്തിൽ 'പാ.സോ.മ' എന്ന പേരിൽ യൂണിയൻ യുവജനോത്സവം നടന്നു. സംഗീതസംവിധായകൻ ബിജിബാൽ മേയ് 3-ന് ഉത്സവത്തിന്റെ പേരും ലോഗോയും പ്രകാശനം ചെയ്തു.

**20.76** ഐ.ക്യു.എ.സി.യുടെ നേതൃത്വത്തിൽ കേരള സംസ്ഥാന ഹരിതകേരളം മിഷന്റെ സഹകരണത്തോടെ നടപ്പാക്കുന്ന കാർബൺ ന്യൂട്രൽ ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി എസ്.എസ്.യു.എസ് കാർബൺ, ഗ്രീൻ ഓഡിറ്റിന്റെ ആദ്യഘട്ടം പൂർത്തിയാക്കി.

**20.77** 2026 മേയ് 10-ന് എറണാകുളം ടൗൺഹാളിൽ നടന്ന 'ട്രൂത്ത് ഓഫ് മദേഴ്സ്' എന്ന പരിപാടിയിൽ സർവകലാശാലയിലെ പാർട്ട് ടൈം സ്വീപ്പറും സ്വതന്ത്ര ഓട്ടോറിക്ഷ ഡ്രൈവറുമായ ശ്രീമതി ജയയെ ആദരിച്ചു

**20.78** Centre for Disaster Management & Mitigation 2026 മേയ് 12 മുതൽ 14 വരെ 'ഹ്യൂമൻ ലാൻഡ്സ്കേപ്സ്' എന്ന പേരിൽ ദ്വിദിന നാടക ശില്പശാല സംഘടിപ്പിച്ചു.

**20.79** Centre for Disaster Management & Mitigation ന്റെ ആഭിമുഖ്യത്തിൽ 2026 മേയ് 19 മുതൽ 25 വരെ ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ കമ്മ്യൂണിറ്റി ലിവിംഗ് ക്യാമ്പ് സംഘടിപ്പിച്ചു.

**20.80** സോഷ്യൽ വർക്ക് വിഭാഗവും SOS ചിൽഡ്രൻസ് വില്ലേജ്, ആലുവയും ചേർന്ന് 2026 മേയ് 19–20 തീയതികളിൽ ലൈഫ് സ്കിൽ വികസന ശില്പശാല സംഘടിപ്പിച്ചു.

**20.81** േമേയ് മാസത്തിൽ Indian Council of Philosophical Research (ICPR)-ന്റെ യൂത്ത് വിംഗിന്റെ ആഭിമുഖ്യത്തിൽ "Radiance as Absolute Freedom: Overcoming Schelling's Ungrund through the Chandogya Upanishad" എന്ന വിഷയത്തിൽ ഓൺലൈൻ പഠനസമ്മേളനം സംഘടിപ്പിച്ചു.

**20.82** സംസ്കൃത സാഹിത്യവിഭാഗം NET/JRF പരീക്ഷാർത്ഥികൾക്കായി 2026 മേയ് 25, 26 തീയതികളിൽ രണ്ടുദിവസത്തെ UGC-NET ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. പ്രമുഖ പണ്ഡിതനായ പ്രൊഫ. സി. രാജേന്ദ്രൻ ക്ലാസുകൾ നയിച്ചു.

**20.83** Centre for Buddhist Studies ന്റെ ആഭിമുഖ്യത്തിൽ "The Buddha, Great Compassion and Radical Awakening" എന്ന വിഷയത്തിൽ ഓൺലൈൻ സെമിനാർ സംഘടിപ്പിച്ചു.

**20.84** സർവകലാശാലയിലെ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ ഹ്യൂമാനിറ്റീസ് വിഷയങ്ങളിൽ UGC-NET പരിശീലന ക്ലാസുകൾ നടത്തി .

**20.85** ഭൂമിശാസ്ത്രവിഭാഗം 2026 മേയ് 13 മുതൽ 10 ദിവസത്തെ ജിയോസ്പേഷ്യൽ ടെക്നോളജീസ് സമ്മർ കോഴ്സ് സംഘടിപ്പിച്ചു. GIS, റിമോട്ട് സെൻസിംഗ്, സർവേ അധിഷ്ഠിത ജിയോസ്പേഷ്യൽ സാങ്കേതികവിദ്യകൾ എന്നിവയിൽ പ്രായോഗിക പരിശീലനം നൽകി.

**20.86** പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിലെ സോഷ്യൽ വർക്ക് വിദ്യാർത്ഥികൾ ഇന്റേൺഷിപ്പിന്റെ ഭാഗമായി മേയ് മാസത്തിൽ നെല്ലിയാമ്പതിയിൽ പ്ലാസ്റ്റിക് സർവേയും ബോധവത്കരണ പരിപാടിയും സംഘടിപ്പിച്ചു.

**20.87** പരമ്പരാഗത നാടകരൂപമായ നങ്ങ്യാർകൂത്ത് സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നൽകിയ വിലപ്പെട്ട സംഭാവനകളെ മാനിച്ച്, സർവകലാശാലയിലെ തിയേറ്റർ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ശ്രീമതി. ഉഷ നങ്ങ്യാർക്ക്, 2025-ലെ കേന്ദ്ര സംഗീത നാടക അക്കാദമി പുരസ്കാരം ലഭിച്ചു.

**20.88** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല (എസ്.എസ്.യു.എസ്.) അധ്യാപികയായ ഡോ. ശാന്തി നായർ, ഹിന്ദി സാഹിത്യരംഗത്ത് നൽകിയ ശ്രദ്ധേയമായ സംഭാവനകൾക്ക് അംഗീകാരമായി അഭിമാനകരമായ മിത്രേഷ് സിങ് പ്രയാഗ് പം സാഹിത്യ പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടു. അവരുടെ 'ജ്യാമിതി' (Jyamithi) എന്ന ഹിന്ദി കവിതാസമാഹാരത്തിനാണ് ഈ ബഹുമതി ലഭിച്ചിരിക്കുന്നത്.

**20.89** ബി.എസ്.ഡബ്ല്യൂ. രണ്ടാം വർഷ വിദ്യാർഥിയായ യദു കൃഷ്ണ ടീൻ വിഭാഗത്തിൽ ഐ.എൻ.ബി.എ. മിസ്റ്റർ ഇന്ത്യ 2026 കിരീടം കരസ്ഥമാക്കി.

**20.90** ഹിന്ദി വിഭാഗം മൂന്നാം സെമസ്റ്റർ ബിരുദാനന്തരബിരുദ വിദ്യാർഥിനിയായ അഫ്റിൻ, കോട്ടയം റബ്ബർ ബോർഡിൽ സംഘടിപ്പിച്ച അഖിലകേരള ഹിന്ദി പ്രസംഗമത്സരത്തിൽ ഒന്നാം സമ്മാനം നേടി.

**20.91** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടിയിലെ ബൗദ്ധ പഠനകേന്ദ്രം, എസ്.എൻ.ഡി.പി. പബ്ലിക് ലൈബ്രറി, കാലടിയുടെ സഹകരണത്തോടെ 2026 ജൂൺ 3-ന് "Ancient

Buddhist and Eastern Christian Monastic Traditions” എന്ന വിഷയത്തിൽ ഓൺലൈൻ സെമിനാർ സംഘടിപ്പിച്ചു.

**20.92** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സംസ്കൃത സാഹിത്യ വിഭാഗം 2026 ജൂൺ 4, 5 തീയതികളിൽ വ്യാകരണം വിഷയത്തിൽ ദ്വിദിന യു.ജി.സി.-നെറ്റ് ഓറിയന്റേഷൻ പരിപാടി സംഘടിപ്പിച്ചു. സംസ്കൃത പഠനരംഗത്തെ പ്രമുഖ പണ്ഡിതനായ പ്രൊഫ. സി. രാജേന്ദ്രൻ ക്ലാസുകൾ നയിച്ചു.

**20.93** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല 2026 ജൂൺ 5-ന് ലോക പരിസ്ഥിതി ദിനം വിവിധ അക്കാദമിക, ബോധവത്കരണ പരിപാടികളോടെ ആചരിച്ചു.

**20.94** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ മലയാള വിഭാഗം 2026 ജൂൺ 10-ന് "കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും: ശാസ്ത്രീയ-രാഷ്ട്രീയ വിശകലനം" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**20.95** 2026-ലെ വായനാവാരം സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ സാഹിത്യ-ബോധവത്കരണ പരിപാടികളോടെ സർവകലാശാല ആചരിച്ചു.

**20.96** എൻ.സി.സി. യൂണിറ്റ്, 2026 ജൂൺ 23-ന് ഐക്യരാഷ്ട്രസഭയുടെ പൊതുസേവന ദിനം ആചരിച്ചു.

**20.97** 2026-ലെ അന്താരാഷ്ട്ര യോഗാദിനം വിവിധ ക്യാമ്പസുകളിലായി സംഘടിപ്പിച്ച പരിപാടികളോടെ ആചരിച്ചു.

**20.98** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് വിദ്യാർഥികളെ കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിച്ച സംസ്ഥാനതല പരിപാടിയുടെ ഉദ്ഘാടനച്ചടങ്ങിൽ സർവകലാശാലയെ പ്രതിനിധീകരിച്ചതിന് അഭിനന്ദന സർട്ടിഫിക്കറ്റുകളും ഉപഹാരങ്ങളും നൽകി ആദരിച്ചു.

**20.99** സ്റ്റുഡന്റ്സ് സർവീസ് സെൽ, കാവേരി ബോയ്സ് ഹോസ്റ്റൽ, ക്യാമ്പസ് യൂണിയൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2026 ജൂൺ 30-ന് കാവേരി ബോയ്സ് ഹോസ്റ്റൽ മെസ് ഹാളിൽ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.

**20.100** സംസ്കൃത വ്യാകരണ വിഭാഗം 2026 ജൂൺ 18, 19 തീയതികളിൽ കലക്കത്ത് ഗോവിന്ദൻ നമ്പ്യാർ എൻഡോവ്മെന്റ് പരിപാടി സംഘടിപ്പിച്ചു. കലക്കത്ത് ഗോവിന്ദൻ നമ്പ്യാർ സ്മാരക പ്രഭാഷണം പ്രമുഖ സംസ്കൃത പണ്ഡിതനായ ഡോ. വി. വാസുദേവൻ നിർവഹിച്ചു.

